(ബി) തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജയിലുകളും വിവിധ കോടതികളും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ആരംഭിച്ചുകഴിഞ്ഞു. കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ജോലികൾ അവസാനഘട്ടത്തിലാണ്. അവശേഷിക്കുന്ന എല്ലാ ജില്ലകളിലും വീഡിയോ കോൺഫറൻസിംഗ് ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വീഡിയോ കോൺഫറൻസിംഗ് സംവിധാനംകൊണ്ട് കോടതികളിലെ കേസ്സുകൾ വളരെവേഗം തീർപ്പാക്കുന്നതിനും, അതുവഴി ജയിലിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനും തടവുകാരെ കോടതിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ അനുഗമിക്കേണ്ടിവരുന്ന പോലീസിനെ ക്രമസമാധാന പരിരക്ഷയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനും തടവുകാർക്കും പോലീസിനും നൽകേണ്ടിവരുന്ന വഴിച്ചെലവും ദിനബത്തയും ലാഭിക്കുവാനും ഭക്ഷണചെലവിനുള്ള ബത്ത ലാഭിക്കുവാനും നിയമവിരുദ്ധ സാധനങ്ങളായ ലഹരി പദാർത്ഥങ്ങൾ തടവുകാർ ജയിലിൽ കൊണ്ടുവരുന്നത് തടയുന്നതിനും തടവുകാരുടെ കോടതിയിലേയ്ക്കുള്ള യാത്രയ്ക്കിടയിലെ രക്ഷപ്പെടൽ തടയുന്നതിനും പ്രതിയെ വിവിധ കോടതികളിലുള്ള വിവിധ കേസ്സുകളിൽ ഒരേ ദിവസംതന്നെ ഹാജരാക്കുന്നതിനും ഗതാഗതസൗകര്യം ലഭ്യമല്ലാത്ത ഹർത്താൽ, പണിമുടക്ക് ദിവസങ്ങളിലും കേസ്സുള്ള പ്രതികളെ വീഡിയോ കോൺഫറൻസിംഗിലൂടെ കോടതിയിൽ ഹാജരാക്കുന്നതിനും ജയിലിലെ ഉദ്യോഗസ്ഥരുടെ സമയവും ഊർജ്ജവും മറ്റ് പ്രയോജനപ്രദമായ കാര്യങ്ങൾക്കായി ചെലവാക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) അധികചെലവ് കണക്കാക്കിയിട്ടില്ല.

ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ

65 (4679) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്ത് കാക്കനാട്ടിൽ പുതിയ ജില്ലാ ജയിലിന്റെ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ജയിലുകളിൽ പുതുതായി ആരംഭിച്ചിട്ടുള്ള ക്ളോസ്ഡ് സർക്യൂട്ട് ക്യാമറ, റ്റി. വി. വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ പ്രവർത്തിപ്പിക്കുന്നതിനായി സാങ്കേതിക പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു.

(ബി) നിലവിലുള്ള സ്റ്റാഫിന് സാങ്കേതിക പരിശീലനം നൽകിയാണ് സി.സി.റ്റി.വി., വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത്. ഇതിനുപുറമേ സി.സി.റ്റി.വി. പ്രവർത്തിപ്പിക്കുന്നതിന് കെൽട്രോണും വീഡിയോ കോൺഫറൻസിംഗ് പ്രവർത്തിപ്പിക്കുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററും സാങ്കേതിക സഹായം നൽകി വരുന്നുണ്ട്.

തടവുകാരുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ പദ്ധതികൾ

66 (4680) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തടവുകാരുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശിക്ഷ കഴിഞ്ഞു പുറത്തുവരുന്ന തടവുകാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന, നിർദ്ധനരായ തടവുകാരുടെ കുട്ടികൾക്ക് 2008-09 സാമ്പത്തിക വർഷം മുതൽ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

(ബി) അർഹരായ എല്ലാവർക്കും ധനസഹായം നൽകുന്നുണ്ട്.

ജയിൽ വകുപ്പിലെ വാർഡർ നിയമനം

67 (4681) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജയിൽ വകുപ്പിൽ എത്ര വാർഡർ തസ്തികകൾ നിലവിലുണ്ട് ; ഇതിൽ എത്ര വാർഡർ തസ്തികകൾ ഒഴിവുണ്ട് ; ഇവയുടെ വിവരങ്ങൾ മേഖല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാന ജയിൽ വകുപ്പിൽ വാർഡർ തസ്തികയിൽ നിലവിൽ ജോലി നോക്കുന്നവരിൽ പി. എസ്. സി. മുഖേന നിയമനം ലഭിച്ചവർ എത്ര ; എംപ്ലോയ്മെന്റ് മുഖേന ജോലി നോക്കുന്നവർ എത്ര ; ദിവസ

LIBRARY ARCHIVES Kerala Legislative Assembly